**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 384** | **27-01-2026 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യ നിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ സർവ്വേയിൽ ഏതെല്ലാം തരത്തിലുള്ള ദാരിദ്ര്യാവസ്ഥകളാണ് കണ്ടെത്തിയിട്ടുള്ളതെന്നത് വിശദമായി വ്യക്തമാക്കാമോ ; | (എ) | ഭക്ഷണം, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ നാല് പ്രധാന ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ നടത്തിയത്. സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുകയും അദൃശ്യരായി കഴിയുകയും ചെയ്തവരെ കണ്ടെത്തി, അവരെ ഈ പദ്ധതിയുടെ ഭാഗമാക്കി എന്നതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നേട്ടം.<br><br>അതിവാർദ്ധക്യം, ശാരീരിക–മാനസിക വെല്ലുവിളികൾ എന്നിവ മൂലം ഭക്ഷണം പാകം ചെയ്യാൻ കഴിയാതെയും പുറമെ നിന്ന് ഭക്ഷണം വാങ്ങാനോ പാചകത്തിനായി ആളെ നിയോഗിക്കാനോ ശേഷിയില്ലാത്ത കുടുംബങ്ങൾ, തെരുവുകളിലോ പൊതു ഇടങ്ങളിലോ താമസിക്കുന്നതിനാൽ സ്ഥിരമായി ഭക്ഷണം ലഭിക്കാത്തവർ, തീവ്ര പോഷണദാരിദ്ര്യം (SAM) ഉള്ള ആറുവയസ്സിന് താഴെയുള്ള കുട്ടികൾ ഉള്ള കുടുംബങ്ങൾ, പൊതുസ്ഥാപനങ്ങളിലോ സൗജന്യമായി മാത്രമോ ഭക്ഷണം ആശ്രയിക്കുന്ന കുടുംബങ്ങൾ എന്നിവയെ ഭക്ഷ്യദാരിദ്ര്യത്തിന്റെ ഭാഗമായി തിരിച്ചറിഞ്ഞു. ഗുരുതര രോഗങ്ങൾ, അപകടങ്ങൾ, കിടപ്പുരോഗാവസ്ഥ എന്നിവ മൂലം തൊഴിൽ, ആസ്തി, നിക്ഷേപം തുടങ്ങിയവയിൽ നിന്നുള്ള വരുമാനം പൂർണമായി നഷ്ടപ്പെട്ട കുടുംബങ്ങൾ, ബൗദ്ധിക–മാനസിക വെല്ലുവിളികളോ ഗുരുതര ശാരീരിക അവശതകളോ ഉള്ളവരെ പരിപാലിക്കേണ്ടിവന്നതോടെ കുടുംബത്തിന്റെ |

| | | | |
|---|---|---|---|
| | | | വരുമാനശേഷി നഷ്ടമായ സാഹചര്യങ്ങൾ, മുഖ്യ വരുമാനദായകൻ മരണപ്പെട്ടതോ ഉപേക്ഷിച്ചുപോയതോ മൂലമുള്ള കുടുംബങ്ങൾ, തൊഴിൽശേഷിയുള്ള അംഗങ്ങൾ ഇല്ലാത്തതും മറ്റ് വരുമാന മാർഗങ്ങൾ ഇല്ലാത്തതുമായ കുടുംബങ്ങൾ എന്നിവയെ സാമ്പത്തിക അതിദാരിദ്ര്യമായി കണക്കാക്കി. വാസസ്ഥലം ഇല്ലാതെ അലഞ്ഞുതിരിയുന്നവർ, റെയിൽവേ പാതകൾ, റോഡുകൾ, പുഴ പുറമ്പോക്ക്, ചതുപ്പ്, മാലിന്യക്കൂമ്പാര പരിസരം, ബസ് സ്റ്റാൻഡ്, മാർക്കറ്റ് തുടങ്ങിയ അപകടകരവും ദുസ്സഹവുമായ ഇടങ്ങളിൽ താമസിക്കുന്നവർ, കടബാധ്യതകളും പ്രകൃതി ദുരന്തങ്ങളും മൂലം വാസസ്ഥലം നഷ്ടപ്പെട്ട കുടുംബങ്ങൾ എന്നിവയെ വാസസ്ഥല ദാരിദ്ര്യമായി തിരിച്ചറിഞ്ഞു. ഇതിന് പുറമേ പട്ടികവർഗ്ഗം, പട്ടികജാതി, തീരദേശ വാസികൾ തുടങ്ങിയ ചരിത്രപരമായി വികസന പിന്നാക്കാവസ്ഥ നേരിടുന്ന സാമൂഹിക വിഭാഗങ്ങൾ, നഗര ദരിദ്രർ, എച്ച്.ഐ.വി. ബാധിതർ ഉള്ള കുടുംബങ്ങൾ, അനാഥ കുട്ടികൾ ഉള്ള കുടുംബങ്ങൾ, LGBTQIA+ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾ ഉള്ള കുടുംബങ്ങൾ തുടങ്ങിയ സാമൂഹികമായി അതീവ ദുർബല വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന നൽകി. ഇങ്ങനെ അതിദാരിദ്ര്യത്തിന്റെ പല ഘടകങ്ങളും ഒരേസമയം ബാധിക്കുന്ന ഏറ്റവും ദുർബല കുടുംബങ്ങളെ തിരിച്ചറിഞ്ഞ് അവരെ അതിദരിദ്ര പട്ടികയിൽ ഉൾപ്പെടുത്തിയതാണ് അതി ദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ പ്രധാന സവിശേഷത. |
| (ബി) | അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഏതെല്ലാം കാര്യങ്ങളിലാണ് തുടർ നടപടികൾ ആവശ്യമായിവരുന്നതെന്നും അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് 64006 കുടുംബങ്ങളിലായി 103099 വ്യക്തികളെയാണ് 1032 തദ്ദേശ സ്ഥാപനങ്ങളിലായി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടെത്തിയത്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്.<br><br>പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ ഒരു കുടുംബത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണവും ചികിത്സയും ഉറപ്പ് വരുത്തുന്നതിനാണ് പ്രഥമ പരിഗണന നൽകിയത്. അതിദരിദ്ര പട്ടികയിൽഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയതിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയുന്ന കുടുംബങ്ങൾക്ക് ഭക്ഷ്യ വസ്തുക്കൾ അടങ്ങിയ കിറ്റുകളും അതിന് കഴിയാത്ത കുടുംബങ്ങൾക്ക് ജനകീയ ഹോട്ടലുകൾ, സാമൂഹ്യ |

അടുക്കളകൾ എന്നിവ വഴി പാകം ചെയ്ത ഭക്ഷണവും എത്തിയ്ക്കുന്നുണ്ട്.

ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുകൾ നേരിട്ട ഗുണഭോക്താക്കൾക്ക് മരുന്നുകൾ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പാലിയേറ്റീവ് ചികിത്സ ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് അത് നൽകുന്നതിനും ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികൾ ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് ആരോഗ്യ ഉപകരണങ്ങൾ നൽകുവാനും അവയവ മാറ്റി വയ്ക്കൽ ചികിത്സയ്ക്ക് ഗുണഭോക്താക്കൾക്ക് വേണ്ട സഹായം നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

ഇതോടൊപ്പം, 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി ആധാർകാർഡ്, റേഷൻകാർഡ്, ഇലക്ഷൻതിരിച്ചറിയൽ കാർഡ് പോലെയുള്ള അവകാശ രേഖകളും, ആരോഗ്യ ഇൻഷുറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തര സേവനങ്ങളും ഉൾപ്പെടെയുള്ള രേഖകൾ/ സേവനങ്ങൾ നൽകുവാൻ സാധിച്ചു. അതിദരിദ്രർക്ക് ഭക്ഷണം, മരുന്നുകൾ മുതലായവ നൽകുന്നതിന് സന്നദ്ധത പ്രകടിപ്പിക്കുന്ന സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ജില്ലാ തലത്തിലും തദ്ദേശ തലങ്ങളിലും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

വരുമാനം ഇല്ലാതെ കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞു. വരുമാനദായക പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ 'ഉജ്ജീവനം' എന്ന പേരിൽ ആരംഭിച്ച സമഗ്ര പദ്ധതി വഴി കുടുംബങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിവഴി എല്ലാവർക്കും തൊഴിൽ കാർഡ് നൽകി 100 ദിന തൊഴിലുറപ്പാക്കുന്നതിനും, ജീവനോപാധികൾ നിർമ്മിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ക്ഷീരവികസന വകുപ്പ്, കൃഷി വകുപ്പ് എന്നിവ മുഖാന്തിരം വരുമാനം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. അടച്ചുറപ്പുള്ള വാസസ്ഥലം ഇല്ലാതെ ബുദ്ധിമുട്ടുന്ന അതിദരിദ്ര കുടുംബങ്ങളിൽ വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളും വസ്തുവും വീടും

| | | | |
|---|---|---|---|
| | | | ആവശ്യമുള്ള കുടുംബങ്ങളും നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽഉൾപ്പെട്ടിരുന്നു. നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാത്ത വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളെയും പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം ഉൾപ്പെടുത്തി അവർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങൾക്കും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങൾക്കും വീട് നൽകുന്നതിനും സാധിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണം ആവശ്യമുള്ള കുടുബങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനും സാധിച്ചിട്ടുണ്ട്. വീട് ലഭിയ്ക്കുവാൻ അർഹതയുള്ള കുടുംബങ്ങൾക്ക് അത് ലഭിയ്ക്കുന്നത് വരെ വാടക വീടുകളിൽ താമസിപ്പിയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ആരോഗ്യം ക്ലേശഘടകമായ അതിദരിദ്ര കുടുംബങ്ങൾക്കുള്ള ചികിത്സയും മരുന്നും പാലിയേറ്റീവ് ചികിത്സ ആവശ്യമുള്ളവർക്കുള്ള സേവനങ്ങളും തുടർന്നും നല്കിവരുന്നുണ്ട്. ഭക്ഷണം ക്ലേശഘടകമായ അതിദരിദ്ര കുടുംബങ്ങൾക്ക് ഭക്ഷണം നല്കുന്നതിനുള്ള നടപടികളും തുടർന്നുവരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് അതിദരിദ്രർ ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ എന്തെല്ലാം തുടർ നടപടികളും കരുതലുമാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ആരോഗ്യം ക്ലേശഘടകമായ അതിദരിദ്ര കുടുംബങ്ങൾക്കുള്ള ചികിത്സയും മരുന്നും പാലിയേറ്റീവ് ചികിത്സ ആവശ്യമുള്ളവർക്കുള്ള സേവനങ്ങളും തുടർന്നും നല്കിവരുന്നുണ്ട്. ഭക്ഷണം ക്ലേശഘടകമായ അതിദരിദ്ര കുടുംബങ്ങൾക്ക് ഭക്ഷണം നല്കുന്നതിനുള്ള നടപടികളും തുടർന്നുവരുന്നുണ്ട്.<br><br>അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നിലവിലുള്ള സേവനങ്ങൾ മെച്ചപ്പെടുത്തിയും വികസിപ്പിച്ചും ദേശീയ ബഹുമുഖ ദാരിദ്ര്യ സൂചിക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ, പഞ്ചായത്ത് അഡ്വാൻസ്മെന്റ് ഇൻഡെക്സ് എന്നീ പ്രധാന സൂചികകളിലെ മാനദണ്ഡങ്ങൾ കൈവരിക്കുന്നതിന് അതിദരിദ്ര കുടുംബങ്ങളെയും തദ്ദേശ സ്ഥാപനങ്ങളെയും പ്രാപ്തരാക്കുന്നതിന് കൂടി കഴിയുന്ന രീതിയിൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ തുടർ പദ്ധതികൾ (EPEP 2.0) വിഭാവനം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ